"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - തിരുവനന്തപുരം ജില്ലാ ഭാഗ്യക്കുറി ഓഫീസിന്റെ ഇന്റീരിയർ വർക്കുകളുടെ ഭാഗമായി ഭരണാനുമതിയില്ലാതെ അധികമായി ചെയ്ത ജോലികൾക്ക് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നല്കാനുള്ള തുക നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.548/2025/TAXES തീയതി,തിരുവനന്തപുരം, 12-06-2025

---

പരാമർശം:- 1. 05/07/2018-ലെ സ.ഉ.(സാധാ) നം.491/2018/നി.വ.

2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 26/04/2021, 30/03/2022 എന്നീ തീയതികളിലെ M4/48803/2018/DSL നമ്പർ കത്തുകൾ.

3. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 21/06/2023-ലെ SLTY/ 126/2023-MOD4 നമ്പർ കത്ത്.

**ഉത്തരവ്**

തമ്പാനൂർ KSRTC ബസ് ടെർമിനൽ കോംപ്ലക്സിൽ തിരുവനന്തപുരം ജില്ലാ ഭാഗ്യക്കുറി ഓഫീസിനായി അനുവദിച്ച ഓഫീസ് കെട്ടിടത്തിന്റെ ഇന്റീരിയർ വർക്കുകൾ ₹77,09,269/- (എഴുപത്തി ഏഴ് ലക്ഷത്തി ഒൻപതിനായിരത്തി ഇരുനൂറ്റി അറുപത്തി ഒൻപത് രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് അനുസരിച്ച് നിർവ്വഹിക്കുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റിവ് സൊസൈറ്റിയെ ഏൽപ്പിക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ ഭരണാനുമതി നല്കിയിരുന്നു.

2)പ്രസ്തുത പ്രവൃത്തികൾ പുരോഗമിക്കുന്ന വേളയിൽ,സർക്കാരിന്റെ ഭരണാനുമതി പ്രവൃത്തികളുടെ പട്ടികയിൽ ഉൾപ്പെടാതിരുന്ന Writing Table, Paper Stand, Frosted Film, Toilet Water Proofing, Wooden Blinds, Sofa with Storage എന്നീ ജോലികൾ കൂടി അധികമായി ചെയ്യുകയുണ്ടായി എന്നും ഇത്തരത്തിൽ അനുമതിയില്ലാതെ അധികമായി ചെയ്ത ജോലികൾക്ക് ₹6,18,354/- (ആറു ലക്ഷത്തി പതിനെട്ടായിരത്തി മുന്നൂറ്റി അൻപത്തി നാല് രൂപ മാത്രം) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് അനുവദിക്കുന്നതിന് അനുമതി നല്കണമെന്നും അധികമായി അടിസ്ഥാന സൗകര്യ വിപുലീകരണം നടന്ന കാലയളവിൽ തിരുവനന്തപുരം ജില്ലാ ഭാഗ്യക്കുറി ഓഫീസറുടെ ചുമതല വഹിച്ചിരുന്ന 2 ഉദ്യോഗസ്ഥരും സർവ്വീസിൽനിന്ന് വിരമിച്ചതിനാൽ സർക്കാർ അനുമതി കൂടാതെ അടിസ്ഥാന

സൗകര്യമൊരുക്കാൻ സ്വീകരിച്ച നടപടി മാപ്പാക്കണമെന്നും പരാമർശം (2),(3) കത്തുകൾ പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ, തിരുവനന്തപുരം ജില്ലാ ഭാഗ്യക്കുറി ഓഫീസിന്റെ ഇന്റീരിയർ വർക്കുകളിൽ, പരാമർശം (1) പ്രകാരം സർക്കാർ നല്കിയ ഭരണാനുമതിയിൽ അധികമായി ചെയ്ത ജോലികൾക്ക്, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റിവ് സൊസൈറ്റിക്ക് നല്കാനുള്ള ₹6,18,354/- (ആറു ലക്ഷത്തി പതിനെട്ടായിരത്തി മുന്നൂറ്റി അൻപത്തി നാല് രൂപ മാത്രം) **2075-00-103-94-34-other charges-3-other items** എന്ന ശീർഷകത്തിൽ നിന്നും നൽകുന്നതിനുള്ള അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MANOJ K**

ജോയിന്റ് സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം
3. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ കാര്യാലയം (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. ധനകാര്യ വകുപ്പ് (**EXP-A2/387/2021-FIN dated 28/01/2025 & 10.06.2025** പ്രകാരം)
5. പൊതുമരാമത്ത് വകുപ്പ്(**PWD-E1/134/2023-PWD dated 07/12/2024** പ്രകാരം)
6. വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂമീഡിയ)
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (**TAXES-H1/144/2021-TAXES**)

ഉത്തരവിൻ പ്രകാരം

Signed by
Babu. G
Date: 12-06-2025 14:54:22

സെക്ഷൻ ഓഫീസർ